# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.1713

18..06..2012 – ൽ ബഹു: ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി മറുപടി പറയേണ്ടത്

## കേരള നാഷണൽ സേവിംഗ്സ് സർവ്വീസിൽ ഒഴിവുള്ള തസ്തികകൾ

**ചോദ്യം**

ശ്രീ. വി ശിവൻകുട്ടി

**ഉത്തരം**

ശ്രീ. കെ.എം. മാണി,
ബഹു: ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | |
|---|---|---|
| എ | സംസ്ഥാന ധനകാര്യ വകുപ്പിനു കീഴിലുള്ള കേരള നാഷണൽ സേവിംഗ്സ് സർവ്വീസിൽ അസിസ്റ്റൻറ് ഡയറക്ടർ ഓഫ് നാഷണൽ സേവിംഗ്സ്-ൻെറ എത്ര തസ്തികകളിലാണ് ഇപ്പോൾ ഒഴിവുള്ളത്. | ഇപ്പോൾ 9 തസ്തികകളിലാണ് ഒഴിവുള്ളത്. |
| ബി | പ്രസ്തുത തസ്തികകളിൽ ഗ്രാമവികസന വകുപ്പിലെ എക്സ്റ്റൻഷൻ ഓഫീസർമാരിൽ നിന്നും സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിലെ ഉദ്യോഗസ്ഥരിൽ നിന്നും കൂടാതെ നേരിട്ടുള്ള നിയമനം മുഖേനവും എത്ര ഉദ്യോഗാർത്ഥികളെയാണ് നിയമിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിൻെറ സ്പെഷ്യൽ റൂൾസ് പ്രകാരം പ്രസ്തുത തസ്തികകളിൽ ഗ്രാമവികസന വകുപ്പിലെ എക്സ്റ്റൻഷൻ ഓഫീസർമാരിൽ നിന്നും, സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിലെ സെലക്ഷൻ ഗ്രേഡ്/ സീനിയർ ഗ്രേഡ് അസിസ്റ്റൻറ്മാരിൽ നിന്നും കൂടാതെ നേരിട്ടുള്ള നിയമനം മുഖേനയും 1:1:1 എന്ന അനുപാതത്തിലാണ് ഉദ്യോഗാർത്ഥികളെ നിയമിക്കുന്നത്. |

| | | |
|---|---|---|
| | | ആദ്യത്തെ രണ്ടു വിഭാഗത്തിൽ നിയമനത്തിന് അർഹതയുള്ളവർ ലഭ്യമല്ലെങ്കിൽ ആ ഒഴിവുകൾ കൂടി നേരിട്ടുള്ള നിയമനം വഴി നികത്തണമെന്നാണ് നിയമം |
| സി | പ്രസ്തുത തസ്തകകളിൽ ഇപ്പോൾ ഒഴിവുകൾ നിലവിലുള്ളത് ഏതൊക്കെ ജില്ലകളിലാണെന്ന് വ്യക്തമാക്കുമോ? | അസിസ്റ്റൻറ് ഡയറക്ടർമാരുടെ ഒഴിവുകൾ താഴെ പറയുന്ന പ്രകാരമാണ്.<br>ഡയറക്ടറേറ്റ് (1 ഒഴിവ്), തിരുവനന്തപുരം ജില്ല (1 ഒഴിവ്), പത്തനംതിട്ട ജില്ല(1 ഒഴിവ്), എറണാകുളം ജില്ല (2ഒഴിവ്), തൃശ്ശൂർ ജില്ല (1 ഒഴിവ്), മലപ്പുറം ജില്ല (1 ഒഴിവ്), വയനാട് ജില്ല (1 ഒഴിവ്), കാസർഗോഡ് ജില്ല (1 ഒഴിവ്). |

R. P...

സെക്ഷൻ ഓഫീസർ